"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പിഎംഎവൈ (നഗരം) - ലൈഫ് പദ്ധതി - സാങ്ഷനിങ് & മോണിറ്ററിങ് കമ്മിറ്റി (സി.എസ്.എം.സി) അംഗീകാരം നൽകിയ കേന്ദ്ര വിഹിതത്തിന്റെ ആദ്യ രണ്ട് ഗഡുക്കൾ - 143,03,40,000/- രൂപ അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്**

സ.ഉ.(സാധാ) നം.481/2022/LSGD തീയതി, തിരുവനന്തപുരം, 28-02-2022

---

പരാമർശം:-

1. സ.ഉ. (പി) നം. 24/2017/ഫിൻ തീയതി 21.02.2017
2. സ.ഉ. (സാധാ) നം. 2160/2020/തസ്വഭവ തീയതി 17.11.2020
3. കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയത്തിന്റെ 31.01.2022 തീയതിയിലെ എൻ-11011/116/2019 എച്ച്എഫ്എ III-UD (9081571) നമ്പർ ഉത്തരവ്
4. കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയത്തിന്റെ 31.01.2022 തീയതിയിലെ എൻ-11011/20/2020 എച്ച്എഫ്എ III-UD (9091212) നമ്പർ ഉത്തരവ്
5. കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയത്തിന്റെ 31.01.2022 തീയതിയിലെ എൻ-11012/77/2019 എച്ച്എഫ്എ III-UD (9072867) നമ്പർ ഉത്തരവ്
6. കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയത്തിന്റെ 31.01.2022 തീയതിയിലെ എൻ-11011/24/2019 എച്ച്എഫ്എ III-UD (9061228) നമ്പർ ഉത്തരവ്
7. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/02/2022 തീയതിയിലെ 415/N/2021/KSHO നമ്പർ പ്രപ്പോസൽ

**ഉത്തരവ്**

പിഎംഎവൈ (നഗരം) - ലൈഫ് പദ്ധതിയിൽ, 30/01/2019, 25/02/2019, 27/12/2019, 07/08/2020 എന്നീ തീയതികളിലെ സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റി (സി.എസ്.എം.സി) അംഗീകാരം നൽകിയ 25369 ഗുണഭോക്താക്കളിൽ പിഎംഎവൈ എംഐഎസിൽ അറ്റാച്ച് ചെയ്തതുമായ 22791 ഗുണഭോക്താക്കൾക്ക് (SC-2747, ST-83. General-19961) ആകെ കേന്ദ്ര വിഹിതമായി ലഭിക്കേണ്ട 38053.50/- ലക്ഷം രൂപയിൽ ആദ്യഗഡുവായി 2,823/- ലക്ഷം രൂപ മേൽ സൂചന 3 ഉം 4 ഉം പ്രകാരവും രണ്ടാം ഗഡു സൂചന 5 ഉം 6 ഉം പ്രകാരം 11480.40/- ലക്ഷം രൂപയും ഉൾപ്പെടെ ആകെ 14303.40/- ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട് എന്നും, ആയത് സംസ്ഥാന നോഡൽ ഏജൻസിയായ അർബൻ ഹൗസിങ് മിഷന്റെ അക്കൗണ്ടിൽ

ലഭ്യമാക്കേണ്ടതുണ്ട് എന്നും ഇ.ഡി. കുടുംബശ്രീ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. കേന്ദ്രസർക്കാർ വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം (ആകെ 50,000 രൂപ ഒരു ഭവനത്തിന്) 4767.80 ലക്ഷം രൂപയാണ്. എന്നാൽ സൂചന 2 ലെ ഉത്തരവ് പ്രകാരം കേന്ദ്ര വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ 100 കോടി രൂപ സംസ്ഥാന വിഹിതം മുൻകൂർ ലഭ്യമാക്കിയതിനാൽ 79.47 കോടി രൂപ മുൻകൂർ തുകയായി നിൽക്കുന്നുണ്ട് എന്നും, ആയതിനാൽ ഇപ്പോൾ ലഭ്യമായ കേന്ദ്ര വിഹിതത്തിന് സംസ്ഥാന വിഹിതം ലഭ്യമാക്കേണ്ടതില്ല എന്നും സൂചന 7 പ്രകാരം ഇ.ഡി. കുടുംബശ്രീ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. പദ്ധതിയുടെ നടത്തിപ്പിനായി അനുമതി ലഭിച്ച കോർപ്പറേഷൻ/നഗരസഭകൾക്കായുള്ള കേന്ദ്ര വിഹിതത്തിന്റെ ആദ്യ രണ്ട് ഗഡുക്കൾ ചേർത്ത് ആകെ 143,03,40,000/- രൂപ (നൂറ്റി നാൽപത്തി മൂന്നു കോടി മൂന്നു ലക്ഷത്തി നാല്പതിനായിരം രൂപ മാത്രം) സൂചന 1 ലെ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വിനിയോഗിക്കുന്നതിനു അർബൻ ഹൗസിങ് മിഷന്റെ (SNA) ICICI A/C No: 033601001669, IFSC: ICIC0000336 പഴയ റോഡ് ബ്രാഞ്ച്, മെഡിക്കൽ കോളേജ് എന്ന അക്കൗണ്ടിൽ ചുവടെ ചേർത്തിരിക്കും പ്രകാരം വിവിധ ശീർഷകങ്ങളിൽ അനുവദിച്ച് ഉത്തരവാകുന്നു. പ്രസ്തുത തുക അർബൻ ഹൗസിങ് മിഷന് അലോക്കേറ്റ് ചെയ്തു നൽകുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

*തുക ലക്ഷത്തിൽ*

| ഹെഡ് ഓഫ് അക്കൗണ്ട് | അനുവദിച്ച കേന്ദ്ര വിഹിതം | ആനുപാതിക സംസ്ഥാന വിഹിതം | അർബൻ ഹൗസിങ് മിഷന് ലഭ്യമാക്കേണ്ട കേന്ദ്ര വിഹിതം |
|---|---|---|---|
| Corporation | | | |
| 2217-05-191-48 (16) General | 3409.20 | -- | 3409.20 |
| 2217-05-191-48 (18) SCP | 231.00 | -- | 231.00 |
| 2217-05-191-48 (20) TSP | 9.60 | -- | 9.60 |
| Municipality | | | |
| 2217-05-192-48 (15) General | 9077.40 | -- | 9077.40 |
| 2217-05-192-48 (17) SCP | 1537.20 | -- | 1537.20 |
| 217-05-192-48 (19) TSP | 39.00 | -- | 39.00 |
| TOTAL | 14303.40 | -- | 14303.40 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജു പ്രഭാകർ

സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Harikumar

സെക്ഷൻ ഓഫീസർ.

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) യുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ പി.എയ്ക്ക്